കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്മണ്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി12-2176 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ - 0495 2371012

തീയതി. 22-12-2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്മണ്ട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്മണ്ട ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി12/2176 /2016 തീയതി: 22-12-2016

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015മുതൽ 17.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.കെ സതീഷ് കുമാർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2016 മുതൽ 29.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ മോഹൻ കുരുന്നംമനക്കൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ സുഗുണൻ.വി , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ദേവാനന്ദ്.ടി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി ഒ.പി ശോഭന | 01.04.2015മുതൽ 31.10.2015 വരെ |
| ശ്രീ ബിജു കുണ്ടൂർ | 19.11.2015 മുതൽ 31.03.2016 വരെ |

( 01.11.2015 മുതൽ 18.11.2015 വരെ ഭരണനിർവ്വഹണ കമ്മിറ്റി )

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ടി. ഉമ | 01.04.2015മുതൽ 31.03.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എ.ഇന്ദു | 01.04.2015മുതൽ 28.07.2015 വരെ* |

| | | |
|---|---|---|
| | ശ്രീ ഒ.പി രാധാകൃഷ്ണൻ | 19.08.2015മുതൽ 30.09.2015 വരെ |
| | ശ്രീമതി ടി.പി രമണി | 01.10.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ എ.കെ ഷിനോജ് | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി അമ്പിളി ആനന്ദ് | 01.04.2015മുതൽ 15.03.2016 വരെ |
| | ശ്രീമതി കെ. ധന | 16.03.2016മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ എൻ. വിനീഷ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ കെ.ജാസ്മിൻ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ എസ്.സുനില | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ കെ.എം ഗോകുലൻ | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി സി. മൈമൂനത്ത് | 01.04.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നന്മണ്ട) | ശ്രീമതി പി.മഞ്ജുള | 01.04.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചീക്കിലോട്) | ശ്രീമതി കെ.ശർമ്മിള | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി കെ.പ്രസന്ന | 01.04.2015മുതൽ 05.06.2015 വരെ |
| | ശ്രീമതി കെ.പ്രമീള | 06.06.2015മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ സി.പി ശ്രീജിത്ത് | 01.04.2015മുതൽ 31.03.2016 വരെ |

(* 29.07.15 മുതൽ 18.08.15 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടന്നു)

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.03.2015 തിയതിയിലെ 59/15നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04.03.2016ലെ 41/16 നമ്പർ തീരമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ്, വാർഷിക കണക്കിലെ ശീർഷകങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കാത്തതിനാൽ ബജറ്റും വാർഷിക കണക്കും തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23.07.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 18.11.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,89,54,426 |
| വരവ് | 3,49,60,162 |
| ആകെ | 6,39,14,588 |
| ചെലവ് | 4,83,77,476 |
| നീക്കിയിരിപ്പ് | 1,55,37,112 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് / ലാപ്സായത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2849369 | 7697054 | 10546423 | 10546423 | -- | -- |
| വികസനഫണ്ട് (എസ്.സി.പി) | 4129409 | 5147366 | 9276775 | 5922281 | 3354494 | -- |
| വികസനഫണ്ട് (ടി.എസ്.പി) | -- | -- | -- | -- | | -- |
| സംരക്ഷണഗ്രാന്റ് (റോഡ്) | 829092 | 3351827 | 4180919 | 4180919 | -- | -- |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 1371083 | 1487876 | 2858959 | 2858959 | -- | -- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2262754 | 5483010 | 7745764 | 5132273 | 2613491 | -- |
| പെർഫോമൻസ് ഗ്രാന്റ് | 2975651 | 1409519 | 4385170 | 2821101 | 1564069 | -- |
| എം.എൻ.ആർ. ഇ.ജി.എസ്. | 6675 | 19270827 | 19277502 | 19265154 | -- | 12348 |
| ബി ഫണ്ട് | -- | 30364031 | 30364031 | 30364031 | -- | -- |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 57601992 | 138 | 33872619 | 3 | 60 | 98 |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ പ്രൊജക്ടുകൾ | | പട്ടികജാതി | | പട്ടിക വർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 17 | 15 | 1 | 0 | 1 | 0 | 19 | 15 |
| സേവനം | 61 | 40 | 15 | 12 | 11 | 7 | 87 | 59 |
| പശ്ചാത്തലം | 79 | 57 | 9 | 6 | 4 | 1 | 92 | 64 |
| ആകെ | 157 | 112 | 25 | 18 | 16 | 8 | 198 | 138 |

2015-16 വർഷം അംഗീകാരം ലഭിച്ച 198 പ്രൊജക്ടുകളിൽ 138 എണ്ണമാണ് നടപ്പാക്കിയത്. കാർഷിക മേഖലയിൽ 6 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയിൽ 3 പ്രൊജക്ടുകളാണ് നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ കാർഷികപ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കൃഷി, മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

പദ്ധതിരേഖ പ്രകാരം, ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയുടെ 15.77% പട്ടികജാതിക്കാരും 7.8% പട്ടികവർഗ്ഗക്കാരുമാണ്. ഗ്രാമപഞ്ചായത്തിൽ 5 ഊരുകൂട്ടങ്ങൾ ഉണ്ട്. എന്നാൽ തൻവർഷം പ്രത്യക ഘടക പദ്ധതി പ്രകാരമുള്ള പദ്ധതിപണം ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വികസന ഫണ്ട് - എസ്.സി.പി വിഹിതം വകയിരുത്തിക്കൊണ്ടാണ് പട്ടിക വർഗ്ഗമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയത്. തൻവർഷം പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ യഥാക്രമം 18ഉം 8 ഉം വീതം പ്രൊജക്ടുകളാണ് നടപ്പാക്കിയത്. ഉൽപാദന മേഖലയിൽ ഒരു പ്രൊജക്ടുപോലും നടപ്പാക്കിയിട്ടില്ല. തൻവർഷം ലഭ്യമായ വികസനഫണ്ട്(എസ്.സി.പി) 5147366/-രൂപയിൽ വിനിയോഗിക്കാത്ത 3354494/- രൂപ ജനറൽ വിഭാഗത്തിൻ ട്രാൻസ്ഫർക്രഡിറ്റ് നടത്തുകയാണ് ചെയ്തത്.

സേവന–പശ്ചാത്തല മേഖലയിൽ ഏറ്റവും കൂടുതൽ പ്രൊജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർക്കായിരുന്നു നടപ്പാക്കാനുണ്ടായിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ ആകെ അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ 57% വരുമിത്.(113 എണ്ണം). തൻവർഷം നടപ്പാക്കാതിരുന്ന ആകെ 60 പ്രൊജക്ടുകളിൽ പകുതിയിലധികവും (33എണ്ണം) സേവന – പശ്ചാത്തല മേഖലയിൽ നടപ്പാക്കേണ്ടിയിരുന്ന പൊതുമരാമത്ത് പ്രവൃത്തികളാണ്.

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കാത്തത് കാരണം, വകയിരുത്തിയ പദ്ധതിപണത്തിൽ വിനിയോഗിക്കാത്ത തുക തൻവർഷം ഫലത്തിൽ ലാപ്സായി. കാര്യക്ഷമമായും പരമാവധി ഫണ്ട് വിനിയോഗം സാധ്യമാക്കുന്ന രീതിയിലും പ്രൊജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഭാഗിക പൂർത്തീകരണം മാത്രം ലക്ഷ്യമാക്കുന്നരീതിയിലുള്ള പ്രൊജക്ടുകൾ തയ്യാറാക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിവിധ മേഖലകളിൽ കാര്യക്ഷമമായ രീതിയിൽ ഫണ്ട് വിതരണവും വിനിയോഗവും സാധ്യമാക്കി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പു വരുത്തുന്ന തരത്തിൽ പ്രൊജക്റ്റുകളുടെ ആസൂത്രണവും നടത്തിപ്പും സാധ്യമാക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.89 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) / (-) |
|---|---|---|---|---|
| നികുതി വരവുകൾ | 48,46,106 | 40,43,514 | 8,02,592 | - 16.56 |
| നികുതിയേതര വരവുകൾ | 7,83,236 | 7,24,688 | 58,548 | - 07.47 |
| മറ്റുവരവുകൾ | 78,190 | 91,924 | 13,734 | + 17.56 |
| ആകെ | 57,07,532 | 48,60,126 | 8,47,874 | - 14.84 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,35,720 | 279 |
| കർഷകതൊഴിലാളി പെൻഷൻ | 67,42,770 | 914 |
| വിധവാപെൻഷൻ | 88,16,600 | 913 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 98,53,320 | 1285 |
| വികലാംഗപെൻഷൻ | 28,06215 | 270 |
| അവിവാഹിത പെൻഷൻ | 12,34,240 | 118 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,20,000 | 04 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2,785/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ /തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2016 മുതൽ 18.10.2016 വരെ | 01.09.2016 മുതൽ 30.09.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.05.2004 മുതൽ 21.05.2004 വരെ | 1997-98 മുതൽ 2003-04 വരെ | സ്പെ.സെൽ(എച്ച്.ക്യ) IV 8എ-632/326 തീയതി 22.07.2004 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.കെട്ടിടവാടക രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാന്റ്/വരവുതുകകൾ വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം ഡിമാന്റ്/ വരവുതുക 261596/- രൂപയാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ്, 262854/- രൂപയും റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം വരവ് 260965/- രൂപയുമാണ്.

2. ബാലൻസ് ഷീറ്റ് പ്രകാരമുള്ള വർഷാവസാന ബാധ്യത തുക (ബി7 + ബി9 പ്രകാരം) , ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വർഷാവസാന ബാധ്യതതുകയുമായി പൊരുത്തപ്പെടുന്നില്ല.

3. വസ്തുനികുതി തൻവർഷ ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് / വരവ്/നീക്കിയിരിപ്പ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള് തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.സാംഖ്യ എ.സി.ആർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)ഇനത്തിലുള്ള വരവുതുക, റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക (RP31) പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ പ്രകാരം തൻവർഷ വരവ് 1934889/- രൂപയും റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം പ്രകാരം 1487876/- രൂപയുമാണ്.

5. നിർവ്വഹണോദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരം ഈടാക്കിയ വാറ്റ്, ആദായ നികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരംആസ്തികളുടെ മൂല്യത്തിന്റെ (39082208/-) കൃത്യത വ്യക്തമല്ല.

7. വസ്തുനികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ജേർണലൈസ് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 കമ്മ്യൂണിറ്റി ഹാൾ - ഭരണസമിതി നിശ്ചയിച്ച വാടക ഈടാക്കിയില്ല.

നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുമ്പോൾ മൈക്ക്സെറ്റ് ഉപയോഗിച്ചുള്ള പരിപാടികൾക്ക് 500/- രൂപയും അല്ലാത്തവയ്ക്ക് 300/- രൂപയും ഈടാക്കുന്നതാണെന്ന് 22.08.2015ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നമ്പർ 161/15-16). എന്നാൽ പ്രസ്തുത തീരുമാനത്തിന് ശേഷവും 200/- രൂപ വാടകയ്ക്ക് ഹാൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഹാൾ ഉപയോഗിച്ച തീയതി | ഹാൾ ബുക്ക് ചെയ്തത് | രശീതി നം / തീയതി | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | 21.01.16 | രാജൻ തിരുവോത്ത്, ബി.ജെ.പി | 11503103183 /13.01.16 | 200 |
| 2 | 25.01.16 | കെ.എം.ചന്ദ്രൻ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | 11503103055 /05.01.16 | 200 |
| 3 | 28.02.16 | കെ.എം.ചന്ദ്രൻ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | 11503104080 /16.02.16 | 200 |

കമ്മ്യൂണിറ്റിഹാൾ ബുക്കിംഗിന് വേണ്ടി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ പരിപാടികൾ മൈക്ക് ഉപയോഗിച്ചുള്ളവയാണോ അല്ലയോ എന്ന വിവരം രേഖപ്പെടുത്തുന്നില്ല. മേൽ പറഞ്ഞവ മൈക്ക് ഉപയോഗിക്കാത്ത പരിപാടികൾ ആയിരുന്നു എന്നാണ് സെക്രട്ടറി ഓഡിറ്റിനെ നേരിൽ അറിയിച്ചത്.

കമ്മ്യൂണിറ്റി ഹാൾ ഉപയോഗത്തെ സംബന്ധിച്ച് ബൈലോ തയ്യാറാക്കുന്നതും വാടക പരിഷ്കരിക്കുന്നതുമാണെന്ന് 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത് ഗ്രാമപഞ്ചായത്ത് അറിയിച്ചിരുന്നെങ്കിലും ( കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-3 കാണുക ) ഇതുവരെ ബൈലോ തയ്യാറാക്കിയിട്ടില്ല.

കമ്മ്യൂണിറ്റി ഹാൾ വിവിധ പരിപാടികൾക്കായി ബുക്ക് ചെയ്യുമ്പോൾ തന്നെ അവ മൈക്ക് ഉപയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്നവയാണോ എന്ന വിവരം ബുക്കിംഗ് രജിസ്റ്ററിൽ വ്യക്തമായി

രേഖപ്പെടുത്തേണ്ടതാണ്. ഹാൾ ഉപയോഗത്തെ സംബന്ധിച്ച ബൈലോ തായാറാക്കി അംഗീകരിച്ച് കിട്ടുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതും വാടക ഇനത്തിൽ കുറവ് വന്ന 300/- രൂപ (100 X 3) ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതുമാണ്.

## 2-3 ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 209ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും പരസ്യനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥനാണ്. പരസ്യനികുതി ചുമത്തുന്നതിനുള്ള അധികാരം മേൽ നിയമത്തിലെ 200ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുമുണ്ട്. എന്നാൽ നന്മണ്ട ഗ്രാമപഞ്ചായത്തിലെ വിവിധ അങ്ങാടികളിലും പാതയോരങ്ങളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പരസ്യനികുതി ഈടാക്കുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കാൻ സഹായകരമാകുമെന്നതിനാൽ പരസ്യനികുതി സംബന്ധിച്ച ബൈലോ തയ്യാറാക്കി നിയമാനുസൃത പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-4 കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിച്ചു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമായ മുൻ അനുവാദത്തോടെയും അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായും അല്ലാതെ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ യാതൊരാളും ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 1, ക്രമ നമ്പർ 139 പ്രകാരവും അബ്കാരി ഷാപ്പുകളുടെ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് നിർബന്ധമാണ്. എന്നാൽ നന്മണ്ട ഗ്രാമപഞ്ചായത്തിലെ നന്മണ്ട, ചീക്കിലോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾക്ക് 2015-16 ൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടില്ല. കൂടാതെ മേൽപ്പറഞ്ഞ ഷാപ്പുകളുടെയും, അതിലെ ജീവനക്കാരുടെയും തൊഴിൽനികുതിയും പ്രസ്തുത വർഷം ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.13/26.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. അത്യന്തം ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട

അബ്കാരി ഷാപ്പ് പോലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിച്ചു എന്നുള്ളത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുള്ള വലിയ വീഴ്ചയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത ഇനങ്ങൾക്ക് പണം ചെലവഴിച്ചു.

എസ്.എസ്.എൽ.സി പരീക്ഷയിൽ എ.പ്ലസ് നേടിയ ഗ്രാമപഞ്ചായത്തിലെ 61വിദ്യാർത്ഥികളെ അനുമോദിക്കുന്നതിന് മൊമെന്റോ വാങ്ങിയ ഇനത്തിൽ വി.കെ.ആർട്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് 9,000 രൂപയും (വൗച്ചർ നം. 37/6-15) ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ നിന്നും വിരമിച്ച അദ്ധ്യാപകരെ ആദരിക്കുന്നതിനുവേണ്ടി മൊമെന്റോ വാങ്ങിയതിന് 3,750 രൂപയും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ (12.6.15/108/15,1.8.15/66/15) അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയതാണെന്നും മേലിൽ ഇത്തരം ചെലവുകൾ നടത്തുന്നതല്ലെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ചെലവുകൾ മേലിൽ നടത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളുടെ അപേക്ഷ നിരസിച്ചു

പ്രോജക്റ്റ് നം. 29/16 വീട് മേൽക്കൂര മാറ്റൽ (എസ്.സി)

ബിൽ നം. 291/15-16 1,00,000 31.7.15

945/15-16 3,50,000 28.3.16

നിർവഹണം. അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം 18 ഗുണഭോക്താക്കൾക്ക് 25,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമസഭ തെരഞ്ഞെടുത്ത് മുൻഗണന നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നല്കുകയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകുകയും ചെയ്ത 1.ശ്രീ.ലോഹിതാക്ഷൻ. എ.കെ, 2.ശ്രീ. വേണു.ടി.എൻ, 3. ശ്രീമതി. സരോജിനി. എം.വി എന്നീ 3 ഗുണഭോക്താക്കൾ ആവശ്യമായ രേഖകളോടെ നൽകിയ അപേക്ഷകൾ ധനസഹായം നൽകാതെ നിരസിച്ചതായി കണ്ടു. വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി നടപടിക്രമങ്ങൾ പാലിക്കാതെയാണ് ധനസഹായത്തിനുള്ള അപേക്ഷ നിരസിച്ചത്.

സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 ഖ 7-18 (x) (സി ) പ്രകാരം അന്തിമമായി തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം അനിവാര്യമാണെന്ന് നിർവഹണോദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി മുൻഗണനക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം എന്തു മാറ്റം വരുത്തുന്നതും ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. നിരസിച്ച 3അപേക്ഷകളിലും നിരസിച്ചതിന്റെ കാരണം രേഖപ്പെടുത്തുകയോ നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. ഇത് മേൽ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-3 <u>മട്ടിമര ലേലം - വനവികസന നികുതി അടവാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിലെ ഏഴുകുളം എ.യു.പി സ്കൂളിന് സമീപം ജില്ലാ പഞ്ചായത്ത് റോഡരികിൽ അപകടാവസ്ഥയിൽ സ്ഥിതി ചെയ്തിരുന്ന മട്ടിമരം മുറിച്ച്മാറ്റി 05.10.2015 ന് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ലേലം കൊണ്ട ശ്രീ എം.സി ലോഹിതാക്ഷൻ എന്ന വ്യക്തി ലേലതുക, വാറ്റ്, വനവികസന നികുതി എന്നിവയടങ്ങുന്ന തുക രശീത് നം. 11503101681/05.10.15 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

| | |
|---|---|
| ലേലതുക | 18,750/- |
| വാറ്റ് | 2,719/- |
| വനവികസന നികുതി | 1,073/- |

| | |
|---|---|
| ആകെ | 22,542/- |

ലേല തുകയിൽ നിന്ന് മരം മുറിച്ചുമാറ്റുന്നതിന് ചെലവായ 5,565/- കിഴിച്ച് 13,185/- രൂപയും, വാറ്റ് ഇനത്തിലുള്ള 2,719/- രൂപയും ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട് (ഡി.ഡി നം. 648161/18.02.16, 15,904/-രൂപ). എന്നാൽ വനവികസന നികുതി ഇനത്തിലുള്ള 1,073/- രൂപ ഇതുവരെ ജില്ലാ പഞ്ചായത്തിന് നൽകുകയോ ട്രഷറിയിൽ അടക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/26.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. വനവികസന നികുതി അടിയന്തിരമായി ട്രഷറിയിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മരം മുറിച്ചു മാറ്റുന്നത് സംബന്ധിച്ച് കോഴിക്കോട് സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവിൽ ( നം. എച്ച് 8028/15 തീയതി 27.07.2015 ) നിർദ്ദേശിച്ച പ്രകാരം മുറിച്ചു മാറ്റിയ മരത്തിന് പകരമായി വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്.

## 3-4 <u>പെരിങ്ങോട്ട് മല സാംസ്കാരിക നിലയം ഫർണിച്ചർ വാങ്ങൽ -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.</u>

പ്രോജക്ട് നം. 191/16 പെരിങ്ങോട്ട് മല സാംസ്കാരിക നിലയം ഫർണിച്ചർ വാങ്ങൽ

ബിൽ നം. 979/15-16 രൂപ. 99,763 തി. 29.03.16

അടങ്കൽ. 1,04,000,വികസനഫണ്ട്.ടി.എസ്.പി.

നിർവഹണം. അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം "കാഡ്കോ"യിൽ നിന്നും 99,763 രൂപ ചെലവഴിച്ച് നേരിട്ട് (ഇൻവോയ്സ് നം. 563/20.3.16) മേശ, കസേര (മരം), കസേര (ഫൈബർ), അലമാര എന്നിവ വാങ്ങി.സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം 100 എണ്ണം ഫൈബർ കസേരകൾക്ക് (നിൽകമൽ) 59,769 രൂപ ചെലവഴിച്ചു.

സ.ഉ (പി) 259/10 ത.സ്വ.ഭ.വ 08-11-10 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ പരസ്യം ചെയ്യണം. ടെണ്ടർ സമർപ്പിക്കുന്നതിനായി 21 ദിവസം സമയം നൽകണം. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിദ്ധ്യം ടെണ്ടർ തുറക്കുന്ന സമയത്ത് ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ കാഡ്കോയിൽ നിന്നും, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ,നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഇല്ലാതെ നേരിട്ട് കാഡ്കോയിൽ

നിന്നും സ്റ്റീൽ, മര ഫർണിച്ചർ വാങ്ങാൻ സർക്കാർ അനുമതിയുണ്ട്. എന്നാൽ ഫൈബർ കസേരകൾ ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ല.

സർക്കാർ അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്നും ടെണ്ടർ ഇല്ലാതെ നേരിട്ട് ഫൈബർ കസേരകൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 59,769 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം- പ്രോജക്ട് നിർവഹണ അപാകതകൾ

1. പ്രോജക്ട് നം. 107/16 യുവാക്കൾക്ക് മെച്ചപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസം (എസ്.ടി)

ബിൽ നം. 734/15-16 75,000 1.2.16

2.പ്രോജക്ട് നം. 941/16 യുവാക്കൾക്ക് മെച്ചപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസം (എസ്.സി)

ബിൽ നം. 945/15-16 75,000 29.3.16

ബിൽ നം. 702/15-16 1,50,000 23.1.16

നിർവഹണം. അസിസ്റ്റന്റ് സെക്രട്ടറി

സ.ഉ(എം.എസ്) 326/26 ത.സ്വ.ഭ.വ 16.11.13 ഖ-6-8(2) പ്രകാരം മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് 25,000 രൂപ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കാവുന്നതാണ്. ഇതു പ്രകാരം നിർവഹണോദ്യോസ്ഥൻ ക്രമ നമ്പർ 1 ലെ ബിൽ പ്രകാരം പിൻവലിച്ച 75,000 രൂപയിൽ 25,000 രൂപ വീതം 3 ഗുണഭോക്താക്കൾക്കും ക്രമ നമ്പർ 2 ലെ ബിൽ പ്രകാരം പിൻവലിച്ച 2,25,000 രൂപ 9 ഗുണഭോക്താക്കൾക്കും നൽകി. ധനസഹായം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു. ബാക്കി 3 ഗുണഭോക്താക്കളുടെ രേഖകളിൽ അപാകതകളില്ല.

| ക്രമ നം | പേര് | പഠിക്കുന്ന സ്ഥാപനം | കോഴ്സ് | പ്രോജക്ട് |
|---|---|---|---|---|
| 1 | കുമാരി.ഷിൽജ. എസ്.എസ്. | കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് ആന്റ് ടെക്നോളജി. സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് | BBA,LLB | 107/16 |

| | | | | |
|---|---|---|---|---|
| 2 | കുമാരി.സിഞ്ജു.എം.സി | സെന്റർ ഫോർ പി.ജി.സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക്, സുൽത്താൻബത്തേരി | MSW | |
| 3 | കുമാരി.അശ്വതി.യു.വി | പി.വി.എസ് നഴ്സിംഗ് സ്കൂൾ, കോഴിക്കോട് | Diploma in General Nursing &Midwifery course | |
| 4 | ശ്രീ.വിഷ്ണു. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്, കണ്ണൂർ | BPT | |
| 5 | കുമാരി.അശ്വനി. എസ്.വി | ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട | BPE | 941/16 |
| 6 | ശ്രീ.അഭിഷേക്.ഒ | മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്. | Diploma in civil engineering conducted by CCEK | |
| 7 | കുമാരി. ധീരജ. കെ | പ്രോവിഡൻസ് കോളേജ്, കോഴിക്കോട്. | M.Com | |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽ കാണിച്ച 7 ഗുണഭോക്താക്കളും ഹാജരാക്കിയ സ്ഥാപനം നൽകിയ സാക്ഷ്യപത്രത്തിൽ മെറിറ്റ് സീറ്റിലാണ് പ്രവേശനം ലഭിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. മേൽ സർക്കാർ ഉത്തരവിൽ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് മാത്രമെ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2. ക്രമ നമ്പർ 2 ലെ കുമാരി. സിഞ്ജു.എം.സി എന്ന വിദ്യാർത്ഥി ഹാജരാക്കിയ പട്ടികജാതി വികസന ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിൽ "എം.എസ്.ഡബ്ല്യൂ കോഴ്സ് പൂർത്തിയാക്കിയ കുമാരി.സിഞ്ജു.എം.സി എന്ന വിദ്യാർത്ഥിക്ക് വകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്" എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്ഥാപന മേധാവി നൽകിയ സാക്ഷ്യപത്രത്തിൽ ( 200/2015 തി. 10.12,15) 2013-2015 അദ്ധ്യയന വർഷത്തിൽ കോഴ്സിന് പഠിച്ചിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2013-2015 അദ്ധ്യയന വർഷം 2015 മാർച്ച് മാസം അവസാനിക്കുന്നതാണ്. എന്നാൽ 2013-2015 അദ്ധ്യയന വർഷം, അതായത് 2015 മാർച്ച് മാസം (2014-15 അദ്ധ്യയന

വർഷം)കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് 2015-16 സാമ്പത്തിക വർഷത്തെ (ഏപ്രിൽ 2015 മുതൽ മാർച്ച് 2016 വരെ) പ്രോജക്ടിൽ ധനസഹായം നൽകി.

എന്നാൽ സ്ഥാപനം നൽകിയ സർട്ടിഫിക്കറ്റിൽ 30.9.15 ന് കോഴ്സ് പൂർത്തിയാക്കിയതിനാൽ ധനസഹായം നൽകാതെ അപേക്ഷ നിരസിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കേണ്ടതിനു പകരം ഒരാളുടെ അപേക്ഷ നിരസിക്കുകയും മറ്റൊരു അപേക്ഷയിൽ ധനസഹായം അനുവദിക്കുകയും ചെയ്തു. 2014-15 അദ്ധ്യയനവർഷം കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് ധനസഹായത്തിന് അർഹതയില്ല.

3. ക്രമ നമ്പർ 7 ലെ കുമാരി.ധീരജ. കെ എന്ന ഗുണഭോക്താവ് ഹാജരാക്കിയ രേഖകൾ പ്രകാരം എം.കോം കോഴ്സിനാണ് പഠിക്കുന്നത്. മേൽ സർക്കാർ ഉത്തരവു പ്രകാരം പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമെ ധനസഹായത്തിന് അർഹതയുള്ളൂ എന്നിരിക്കെ എം.കോം കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിക്ക് ധനസഹായം നൽകി.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 1,75,000 തടസ്സത്തിൽ വെക്കുന്നു.

## 3-6 പഠനോപകരണ കിറ്റ് വിതരണം-പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

പ്രോജക്ട് നം. 174/16 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റ് വിതരണം

ബിൽ നം. 2/15-16 രൂപ. 1,02,720 തി. 31.03.16

വികസനഫണ്ട് (ടി.എസ്.പി.) നിർവഹണം. ഹെഡ് മാസ്റ്റർ

മേൽ പ്രോജക്ട് പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റ് വാങ്ങുന്നതിനായി 21.2.16 ലെ പത്രത്തിൽ പരസ്യം ചെയ്തു. ഇതു പ്രകാരം ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തിയതി 27.2.16 ആയിരുന്നു. ഇതിനെ തുടർന്ന് ആകെ ലഭിച്ച 2ടെണ്ടറുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത "കാഡ്കോ"യുടെ ടെണ്ടർ അംഗീകരിച്ചു. ഇതുപ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം. 576/20.3.16) 1,02,720 രൂപ നൽകി 96 പഠനോപകരണ കിറ്റുകൾ വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 സ്കൂളുകളിൽ 8 സ്കൂളുകളിലായി 89 വിദ്യാർത്ഥികളുള്ളതായി വിവിധ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ നൽകിയ ലിസ്റ്റിൽ കാണുന്നു.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു

1. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 സ്കൂളുകളിൽ 8 സ്കൂളുകളിലായി 89 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ളതായി ഹെഡ്മാസ്റ്റർമാർ നൽകിയ ലിസ്റ്റിൽ കാണുന്നു. ഇവർക്ക് വിതരണം ചെയ്യാനായി 89 കിറ്റുകൾ വാങ്ങേണ്ടതിനു പകരം 96 കിറ്റുകൾ വാങ്ങി. വിതരണം ചെയ്ത രേഖകൾ പ്രകാരം 72 കിറ്റുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 24 കിറ്റുകൾ സംബന്ധിച്ച യാതൊരു വിവരവും ഇല്ല.

2. സ.ഉ (പി) 259/10 ത.സ്വ.ഭ.വ 08-11-10 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ പരസ്യം ചെയ്യണം. ടെണ്ടർ സമർപ്പിക്കുന്നതിനായി 21 ദിവസം സമയം നൽകണം. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിദ്ധ്യം ടെണ്ടർ തുറക്കുന്ന സമയത്ത് ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ ഒരു പത്രത്തിൽ മാത്രമേ പരസ്യം നൽകിയിട്ടുള്ളൂ. ടെണ്ടർ സമർപ്പിക്കുന്നതിനായി 5 ദിവസത്തെ സമയം മാത്രമാണ് നൽകിയത്. കൂടാതെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവു തുക 1,02,720 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

2015-16 വർഷം, അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രൊജക്ടുകളുടെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതു അപാകതകൾ താഴെ ചേർക്കുന്നു.

1.ടെണ്ടർ രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ഉദാ: സെക്യൂരിറ്റി തുക, കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി തുടങ്ങിയവ.

2. സാങ്കേതികാനുമതി പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ രേഖപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി. ഉദാ: കരുണാറാം അംഗണവാടി നവീകരണം - സാങ്കേതികാനുമതി ലഭിച്ചത് 75000/- രൂപയുടെ എസ്റ്റിമേറ്റ്, ടെണ്ടർ ഷെഡ്യൂൾ പ്രകാരം 90000/- രൂപയുടെ എസ്റ്റിമേറ്റ്.

3. കൺവീനർ പ്രവൃത്തികളിൽ, ആവശ്യമായ രേഖകൾ സമർപ്പിക്കാതെ ഫൈനൽ ബിൽ തുക നല്കുന്നു. ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ ആരംഭിച്ച സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത വിവരം, ബിറ്റുമിൻ വാങ്ങിയത് സംബന്ധിച്ച വിവരം, സമിതി അംഗീകരിച്ച വരവു ചെലവു കണക്കുകൾ

മുതലായവ ഇല്ലാതെ കൺവീനർക്ക് ഫൈനൽ ബിൽ തുക നല്കി

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ - അപാകതകൾ

2015-16വർഷം ഗുണഭോക്തൃസമിതി മുഖേനയുള്ള താഴെ ചേർത്ത പ്രവൃത്തികൾ സംബന്ധിച്ച് അതാതിന്റെ നേർക്ക് ചേർത്ത പ്രകാരം അപാകത കാണുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ആകെ ചെലവ് | ബിൽ നം തിയ്യതി | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 159/16 | തളി ചെക്കണ്ണിപ്പൊയിൽ താഴെ പാടത്തിൽ മുക്ക് റോഡ് | ശ്രീ കേളുക്കുട്ടി | 300000 | 12/24.3.16 | 1. ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവു ചെലവുകൾ ലഭ്യമാക്കിയിട്ടില്ല 2. ഗുണഭോക്തൃ സമിതി യുടെ പ്രവൃത്തി നടത്തിപ്പിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെയും ക്ലോസ് ചെയ്തതിന്റേയും വിവരം ലഭ്യമല്ല. |
| 2 | 44/16(so) | മാണിക്കോത്ത് താഴം റോഡ് | ശ്രീ എം.രവി | 199734 | 47/14.3.16 | ടി. |
| 3 | 157/16 | | ശ്രീ ഹരിദാസൻ നീലിക്കുളത്തിൽ | 100000 | 16/14.9.15 | ടി. |
| 4 | 48/16 | | ശ്രീ ഷിജു.ടി | 495000 | 49/21.316 | ടി. |
| 5 | 196/16 | | ശ്രീ ഹരീഷ് | 395000 | 83/31.3.16 | ടി |
| 6 | 144/16 | | ശ്രീ കെ.പി. സുധാകരൻ | 399919 | 6/26.6.15 | ടി |

| | | | | | | |
|---|---|---|---|---|---|---|
| | | | ആകെ | 1889653 | | |

സംസ്ഥാന ആസൂത്രണ ബോർഡിൻറെ 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ,സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ പ്രവൃത്തി നടത്തിപ്പിനായി സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതും ഫൈനൽ ബില്ല് ലഭിച്ച ശേഷം സമിതി ഗുണഭോക്താക്കളുടെ പൊതു യോഗം ചേർന്ന് സമിതിയുടെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുകയും കമ്മറ്റി പിരിച്ചു വിട്ട് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുകയും വേണം.കരാർ ഉടമ്പടിയിലെ നിരക്കുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനിയർ രേഖപ്പെടുത്തുന്ന അളവുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് മിതിക്ക് നൽകേണ്ടത്.ഗുണഭോക്തൃ സമിതി മിനുട്സ്, പ്രവൃത്തി ഫയൽ എന്നിവ പരിശോധിച്ചതിൽ മേൽചേർത്ത നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ തന്നെ സമിതിക്ക് അർഹമായ തുക തന്നെയാണ് നൽകിയതെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-9 ഗുണഭോക്തൃസമിതി മുഖേനയുള്ള റോഡ് പ്രവൃത്തി - ബിറ്റുമിൻ മാർക്കറ്റ് വിലയിലെ കുറവ് ഫൈനൽബില്ലിൽ നിന്നും കുറവുചെയ്ത് നല്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

സംസ്ഥാന ആസൂത്രണ ബോർഡിന്റെ 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം കരാർ ഉടമ്പടിയിലെ നിരക്കുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ പ്രകാരമുള്ള ബിൽതുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് സമിതിക്ക് നൽകേണ്ടത്. തൻവർഷം ബിറ്റുമിൻ മാർക്കറ്റ് വില, അംഗീകൃത ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള വിലയേക്കാൾ വളരെ കുറവ് ആയിരുന്നു. ആയത് പ്രകാരം, ഗുണഭോക്തൃ സമിതി മുഖേന 2015-16 ൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തിയിൻമേൽ, ഫൈനൽ ബില്ലിൽ നിന്നും, അംഗീകൃത നിരക്ക് പ്രകാരമുള്ള ബിറ്റുമിൻവിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം (അധിക തുക) കുറച്ച ശേഷം മാത്രമായിരുന്നു ഫൈനൽബിൽ തുക കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ മാർക്കറ്റ് വിലയിലെ കുറവ് മൂലമുള്ള ചെലവ് ചുരുക്കം ഫൈനൽ ബില്ലിൽ നിന്നും തട്ടിക്കിഴിക്കാതെ ഷെഡ്യൂൾ ഓഫ് നിരക്കിലുള്ള അധിക തുക കൺവീനർക്ക് അനുവദിച്ചതായി കാണുന്നു. പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ പി.ഡബ്ല്യു.ഡി അംഗീകൃത കരാറുകാരിൽ നിന്നും ഗുണഭോക്തൃസമിതി വാങ്ങിയതായി വ്യക്തമാക്കുന്നതിന് അംഗീകൃത കരാറുകാർ

സിഡ്കോയിൽ നിന്നും VG30 ബിറ്റുമിൻ വാങ്ങിയതിന്റെ ഇൻവോയ്സ് പകർപ്പാണ് പല ഫയലുകളിലും ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ചില ഫയലുകളിൽ ബിറ്റുമിൻ വാങ്ങിയതിന് രേഖകളൊന്നും ലഭ്യമാക്കിയിട്ടുമില്ല. 2015-16 വർഷം ഡി.എസ്.ആർ 2014 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരവും 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരവും പ്രവൃത്തി നടത്തിയിട്ടുണ്ട്. എന്നാൽ മാർക്കറ്റ് വിലയിലെ കുറവ് മൂലമുള്ള ചെലവ് ചുരുക്കം ഫൈനൽ ബില്ലിൽ നിന്നും തട്ടിക്കിഴിക്കാതെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള അധിക തുക അനുവദിച്ച പ്രകാരം 265641/- രൂപ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു. ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ല് ലഭ്യമാക്കാത്ത പ്രവൃത്തികളുടെ കാര്യത്തിൽ അധിക ചെലവ് കണക്കാക്കുന്നതിന്, മറ്റ് ഫയലുകളിൽ ലഭ്യമാക്കിയ സിഡ്കോയുടെ 12/15 ലെ ഇൻവോയ്സ് പ്രകാരമുള്ള മാർക്കറ്റ് വിലയാണ് അടിസ്ഥാനമാക്കിയത്. എം ബുക്ക് പ്രകാരം എല്ലാ പ്രവൃത്തികളിലും VG30 ബിറ്റുമിനാണ് ഉപയോഗിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് വിവരം | എം.ബുക്ക് പ്രകാരം നടത്തിയ ടാറിങ്ങ് പ്രവൃത്തി/ആവശ്യമായ ബിറ്റുമിന്റെ അളവ് | ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ബിറ്റുമിൻ വില | മാർക്കറ്റ് നിരക്ക് പ്രകാരം ബിറ്റുമിൻ വില | കൺവീനർക്ക് അധികം നല്കിയത്. |
|---|---|---|---|---|---|
| 1 | പ്രൊജ. നം. 33/16(so)<br>ഈങ്ങാട്ടുപൊയിൽ - പുതിയാടത്ത് താഴ റോഡ് പ്രവൃത്തി<br>അടങ്കൽ 400000/-(വി.ഫ)<br>ചെലവ് - 396011/-<br>ട്രഷറി ബിൽ - 78/31.3.16<br>കൺവീനർ - ശ്രീ കെ. വി. വേലായുധൻ<br>എം.ബുക്ക് നം. | ഡി.എസ്.ആർ 2014<br>1.ടാക്ക് കോട്ട് - 492.75kg<br>(0.75kg/m2 x 657m2)<br>2. 2cm പ്രീ മിക്സിങ്ങ് കാർപ്പറ്റ് - 946.08kg<br>(1.44kg/m2 x 657m2)<br>3. സീൽകോട്ട് - 643.86kg<br>(0.98kg/m2 x 657m2)<br>ആകെ - 2082.69 kg. | ബിറ്റുമിൻ 41106.49<br>(41000 + കടത്തുകൂലി 106.49)<br>0.38കോസ്റ്റ് ഇൻഡക്സ് kകൂട്ടുക 15620.46<br>---------------<br>56726.95/MT<br>= 56.72/kg | ഫയലിൽ ലഭ്യമാക്കിയ സിഡ്കോയുടെ ഇൻവോയ്സ് നം. 14546/15.12.15 പ്രകാരം VG 30 ബിറ്റുമിൻ നിരക്ക് - 38.48/kg.<br>2082.69 x 38.48 = 80142/- | 37988/-<br>(118130 - 80142) |

| | | | | | |
|---|---|---|---|---|---|
| | | | 2082.69 x 56.72 = 118130/- | | |
| 2 | പ്രൊജ. നം. 57/16<br>പിലാക്കറ്റേടത്ത് - മുണ്ടൂർക്കയിൽ റോഡ് പ്രവൃത്തി<br>അടങ്കൽ 400000/-(ധ.ക.ഗ്രാ)<br>ചെലവ് - 400000/-<br>ട്രഷറി ബിൽ - 42/14.3.16<br>കൺവീനർ - ശ്രീ സി. കെ. മുഹമ്മദ് ഇക്ബാൽ<br>എം.ബുക്ക് നം. 37/15-16 | ഡി.എസ്.ആർ 2014<br>1.ടാക്ക് കോട്ട് - 321.75kg<br>(0.75kg/m2 x 429m2)<br>2. 2cm പ്രീ മിക്സിങ്ങ് കാർപ്പറ്റ് - 617.76kg<br>(1.44kg/m2 x 429m2)<br>3. സീൽകോട്ട് - 420.42kg<br>(0.98kg/m2 x 429m2)<br>ആകെ - 1359.93 kg. | ബിറ്റുമിൻ 41106.49<br>(41000 + കടത്തുകൂലി 106.49)<br>0.38കോസ്റ്റ് ഇൻഡക്സ് - 15620.46<br>---------------<br>56726.95/MT<br>= 56.72/kg<br>1359.93 x 56.72 = 77135/- | ഫയലിൽ ബിറ്റുമിൻ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. സിഡ്കോയുടെ 12/15 ലെ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് മാർക്കറ്റ് വില കണക്കാക്കുന്നതിന് അടിസ്ഥാനമാക്കി)<br>1359.93x 38.48 = 52330/- | 24805/-<br>(77135 - 52330) |
| 3 | പ്രൊജ. നം. 44/16(so)<br>മാണിക്കോത്ത് താഴം റോഡ് പ്രവൃത്തി<br>അടങ്കൽ 199734/-<br>ചെലവ് - 199734/-<br>ട്രഷറി ബിൽ - 47/14.3.16 | ഡി.എസ്.ആർ 2014<br>1.ടാക്ക് കോട്ട് - 248.53kg<br>(0.75kg/m2 x 331.38m2)<br>2. 2cm പ്രീ മിക്സിങ്ങ് കാർപ്പറ്റ് - | ബിറ്റുമിൻ - 41106.49<br>(41000 + കടത്തുകൂലി 106.49)<br>0.38കോസ്റ്റ് ഇൻഡക്സ് കൂട്ടുക | ഫയലിൽ ലഭ്യമാക്കിയ സിഡ്കോയുടെ ഇൻവോയ്സ് നം. 13688/2.2.16 പ്രകാരം VG 30 ബിറ്റുമിൻ നിരക്ക് - 32.21/kg.<br>1050.46 x 32.21 = 33835/- | 25747/-<br>(59582 - 33835) |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ - ശ്രീ<br>എം.രവി<br>എം.ബുക്ക് നം. 22/15-16 | 477.18kg<br>(1.44kg/m2 x 331.38m2)<br>3. സീൽകോട്ട് - 324.75kg<br>(0.98kg/m2 x 331.38m2)<br>ആകെ - 1050.46 kg. | 15620.46<br>----------------<br>56726.95/MT<br>= 56.72/kg<br>1050.46 x 56.72 = 59582/- | | |
| 4 | പ്രൊജ. നം. 48/16(so)<br>കുളിപ്പൊയിൽ - തെറ്റത്ത് താഴം റോഡ് റീ ടാറിങ്ങ്<br>അടങ്കൽ<br>495000/-(മെ.ഗ്രാ)<br>ചെലവ് - 495000/-<br>ട്രഷറി ബിൽ - 49/21.3.16<br>കൺവീനർ - ശ്രീ<br>ഷിജു.ടി<br>എം.ബുക്ക് നം. 24/15-16 | ഡി.എസ്.ആർ 2014<br>1.2cm പ്രീ മിക്സിങ്ങ് കാർപ്പറ്റ് -<br>1853.28 kg<br>1.44kg/m2 x 1287m2<br>2.സീൽ കോട്ട് - 1261.26kg<br>( 0.98kg/m2 x1287m2)<br>3. 36mmപ്രീ മിക്സ് ലെവലിങ്ങ് കോഴ്സ് - 355.80kg<br>(20kg/m3 x 17.79m3)<br>4. ടാക്ക് കോട്ട് ഓൺ ബി.ടി. സർഫേസ്. 643.50 kg<br>(0.50kg/m2 x 1287m2) | ബിറ്റുമിൻ - 41106.49<br>(41000 + കടത്തുകൂലി 106.49)<br>0.38 കോസ്റ്റ് ഇൻഡക്സ് കൂട്ടുക<br>15620.46<br>----------------<br>56726.95/MT<br>= 56.72/kg<br>4074.52 x 56.72 = 231107/- | ഫയലിൽ ബിറ്റുമിൻ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. സിഡ്കോയുടെ 12/15 ലെ ഇൻവോയ്സ് പ്രകാരം VG 30 ബിറ്റുമിൻ നിരക്ക് മാർക്കറ്റ് വില കണക്കാക്കുന്നതിന് അടിസ്ഥാനമാക്കി)<br>4074.52x 38.48 = 156787/- | 74320/-<br>(231107-156787) |

| | | | | | |
|---|---|---|---|---|---|
| | | ആകെ - 4113.84 kg.<br>എം.ബുക്ക് പേജ് 13 പ്രകാരം ബിറ്റുമിൻ ആഡിക്വസി 4074.52kg. കണക്കാക്കി. | | | |
| 5 | പ്രൊജ. നം. 51/16(so)<br>നന്മണ്ട 12 – സൂപ്പി റോഡ് റീ ടാറിങ്ങ്<br>അടങ്കൽ 200000/-(മെ.ഗ്രാ)<br>ചെലവ് - 200000/-<br>ട്രഷറി ബിൽ - 56/31.3.16<br>കൺവീനർ - ശ്രീ അനിൽ കുമാർ എം.<br>എം.ബുക്ക് നം. 46/15-16 | ഡി.എസ്.ആർ 2014<br>1.2cm പ്രീ മിക്സിങ്ങ് കാർപ്പറ്റ് - 717.12 kg<br>1.44kg/m2 x 498m2<br>2.സീൽ കോട്ട് - 488.04kg<br>( 0.98kg/m2 x498m2)<br>3. 36mmപ്രീ മിക്സ് ലെവലിങ്ങ് കോഴ്സ് - 132.20kg<br>(20kg/m3 x 6.61m3)<br>4. ടാക്ക് കോട്ട് ഓൺ ബി.ടി. സർഫേസ്. 249 kg<br>(0.50kg/m2 x 498m2)<br>ആകെ - 1586.36 kg. | ബിറ്റുമിൻ - 41106.49<br>(41000 + കടത്തുകൂലി 106.49)<br>0.38 കോസ്റ്റ് ഇൻഡക്സ് കൂട്ടുക 15620.46<br>----------------<br>56726.95/MT<br>= 56.72/kg<br>1586.36x 56.72 = 89978/- | ഫയലിൽ ബിറ്റുമിൻ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. സിഡ്കോയുടെ 12/15 ലെ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് മാർക്കറ്റ് വില കണക്കാക്കുന്നതിന് അടിസ്ഥാനമാക്കി)<br>1586.36x 38.48 = 61043/- | 28935/-<br>(89978 - 61043) |

| | | | | | |
|---|---|---|---|---|---|
| 6 | പ്രൊജ. നം. 196/16<br>നീലഞ്ചേരി - തടത്തിൽ മുക്ക് റോഡ് ടാറിങ്ങ്.<br>അടങ്കൽ 395000/-(മെ.ഗ്രാ)<br>ചെലവ് - 395000/-<br>ട്രഷറി ബിൽ - 83/14.3.16<br>കൺവീനർ - ശ്രീ ഹരീഷ്<br>എം.ബുക്ക് നം. 60/15-16 | ഡി.എസ്.ആർ 2014<br>1.ടാക്ക് കോട്ട് - 479.25kg<br>(0.75kg/m2 x 639m2)<br>2. 2cm പ്രീ മിക്സിങ്ങ് കാർപ്പറ്റ് - 920.16kg<br>(1.44kg/m2 x 639m2)<br>3. സീൽകോട്ട് - 626.22kg<br>(0.98kg/m2 x 639m2)<br>ആകെ - 2025.63 kg. | ബിറ്റുമിൻ 41106.49<br>(41000 + കടത്തുകൂലി 106.49)<br>0.38കോസ്റ്റ് ഇൻഡക്സ് - 15620.46<br>---------------<br>56726.95/MT<br>= 56.72/kg<br>2025.63 x 56.72 = 114893/- | ഫയലിൽ ബിറ്റുമിൻ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. സിഡ്കോയുടെ 12/15 ലെ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് മാർക്കറ്റ് വില കണക്കാക്കുന്നതിന് അടിസ്ഥാനമാക്കി)<br>2025.63x 38.48 = 77946/- | 36947/-<br>(114893 - 77946) |
| 7 | പ്രൊജ. നം. 47/16(so)<br>പി.ഐ.ഹോസ്പിറ്റൽ - മത്തത്ത് മുക്ക് റോഡ് റീ ടാറിങ്ങ്<br>അടങ്കൽ- 4000000/-(298899 /-(മെ.ഗ്രാ)+ 101101/-(ലോ.ബാ))<br>ചെലവ് - 400000/-<br>ട്ര.ബിൽ- 56/31.3.16 | ഡി.എസ്.ആർ 2014<br>1.ടാക്ക് കോട്ട് - 321.75kg<br>(0.75kg/m2 x 429m2)<br>1.2cm പ്രീ മിക്സിങ്ങ് കാർപ്പറ്റ് - 684.72kg<br>1.44kg/m2 x 475.5m2<br>2.സീൽ കോട്ട് - 465.99kg | ബിറ്റുമിൻ - 41106.49<br>(41000 + കടത്തുകൂലി 106.49)<br>0.38 കോസ്റ്റ് ഇൻഡക്സ് കൂട്ടുക 15620.46<br>---------------<br>56726.95/MT | ഫയലിൽ ലഭ്യമാക്കിയ സിഡ്കോയുടെ ഇൻവോയ്സ് നം. 14546/15.12.15 പ്രകാരം VG 30 ബിറ്റുമിൻ നിരക്ക് - 38.48/kg.<br>1563.51x 38.48 = 60164/- | 28518/-<br>(88682 – 60164) |

| | | | | | |
|---|---|---|---|---|---|
| | 'ട്ര.ബിൽ - 34/14.3.16<br>കൺവീനർ - ശ്രീ വി.കെ പ്രേമൻ<br>എം.ബുക്ക് നം. 46/15-16 | ( 0.98kg/m2 x475.5m2)<br>3. 36mmപ്രീ മിക്സ് ലെവലിങ്ങ് കോട്ട് - 67.80 kg<br>(20kg/m3 x 3.49m3)<br>4. ടാക്ക് കോട്ട് ഓൺ ബി.ടി. സർഫേസ്. 23.25kg<br>(0.50kg/m2 x 46.50m2)<br>ആകെ - 1563.51 kg. | = 56.72/kg<br>1563.51x 56.72 = 88682/- | | |
| 8 | പ്രൊജ. നം. 157/16<br>വടക്കുവീട്ടിൽ - നീലിക്കുളം റോഡ്.<br>അടങ്കൽ 100000/-(ധ.ക.ഗ്രാ)<br>ചെലവ് - 100000/-<br>ട്രഷറി ബിൽ - 16/14.9.15<br>കൺവീനർ - ശ്രീ ഹരിദാസൻ നീലിക്കുളത്തിൽ<br>എം.ബുക്ക് നം. 66/14-15 | 2012 ഷെഡ്യൂൾ ഓഫ് റേറ്റ്.<br>20mm പ്രീ മിക്സ്ഡ് ചിപ്പിങ്ങ് കാർപ്പറ്റ് ഓൺ WBM റോഡ്<br>608.19kg<br>(29.10kg/10m2 x 209m2)<br>ആകെ - 608.19 kg. | 2012 ഷെഡ്യൂൾ ഓഫ് റേറ്റ്<br>ബിറ്റുമിൻ 44381<br>(44058 + കടത്തുകൂലി - 323)<br>= 44.38/kg<br>608.19 x 44.38= 26991/- | ഫയലിൽ ലഭ്യമാക്കിയ സിഡ്കോയുടെ ഇൻവോയ്സ് നം. 14546/15.12.15 പ്രകാരം VG 30 ബിറ്റുമിൻ നിരക്ക് - 38.48/kg.<br>608.19x 38.48 = 23403/- | 3588/-<br>(26991 – 23403) |

| | | | | | |
|---|---|---|---|---|---|
| 9 | പ്രൊജ. നം. 144/16<br>കൊഴിഞ്ഞിപ്പറമ്പത്ത് കോളനി റോഡ് സോളിങ്ങ്, ടാറിങ്ങ്)<br>അടങ്കൽ 399919/-(എസ്.സി.പി)<br>ചെലവ് - 399919/-<br>ട്രഷറി ബിൽ - 6/26.6.15<br>കൺവീനർ - ശ്രീ കെ.പി. സുധാകരൻ .<br>എം.ബുക്ക് നം. 54/13-14 | 2012 ഷെഡ്യൂൾ ഓഫ് റേറ്റ്.<br>20mm പ്രീ മിക്സ്ഡ് ചിപ്പിങ്ങ് കാർപ്പറ്റ് ഓൺ WBM റോഡ്<br>1819.041kg<br>(29.10kg/10m2 x 625.10m2)<br>ആകെ - 1819.041 kg. | 2012 ഷെഡ്യൂൾ ഓഫ് റേറ്റ്<br>ബിറ്റുമിൻ 44381<br>(44058 + കടത്തുകൂലി - 323)<br>= 44.38/kg<br>1819.041x 44.38= 80729/- | ഫയലിൽ ബിറ്റുമിൻ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. സിഡ്കോയുടെ 12/15 ലെ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് മാർക്കറ്റ് വില കണക്കാക്കുന്നതിന് അടിസ്ഥാനമാക്കി)<br>1819.041x 38.48 = 69997/- | 10732/-<br>(80729 – 69997) |
| | | | ആകെ അധികമായി കൺവീനർക്ക് നല്കിയത് | | 271580/- |

അപാകത സംബന്ധിച്ച് നല്കിയ 14ാം നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽചേർത്ത പ്രകാരം പഞ്ചായത്തിന് നഷ്ടമായ തുക 265641/-രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 20.08.15 | 32,500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള | 32,500 | -- |

| | | | | | |
|---|---|---|---|---|---|
| | | | സ്കോൾഷിപ്പ് | | |
| | 15.10.15 | 1,00,000 | സമ്പൂർണ്ണ ശുചിത്വ ഗ്രാമം | 1,00,000 | -- |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 20.08.15 | 32,500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോൾഷിപ്പ് | 32,500 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയതിൽ വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തവ ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാധാ) 223/2/തസ്വഭവ/ 21.01.2010 | 10,71,286 | 9,00,000 | -- | 1,71,286 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,74,412 |
| തൻവർഷം നിക്ഷേപിച്ച തുക | 58,877 (പലിശ) |
| ആകെ | 6,33,289 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,33,289 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി നം.730897 / 23.09.15<br>കെ.ഡി.സി ബാങ്ക്, ബാലുശ്ശേരി | 6,33,289 |
| ആകെ | 6,33,289 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,67,855രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 3-6 | 12,951 | ഗിരീഷ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11503101711/07.10.15 |
| 2010-11 | 3-13 | 750 | രാധാകൃഷ്ണൻ, മുൻ വൈസ് പ്രസിഡണ്ട് | 11503101783/12.10.15 |
| 2012-13 | 2-1(3) | 900 | സന്ദീപ്, മുൻ ഡ്രൈവർ | 11503102983/31.12.15 |
| 2013-14 | 2-1(3) | 900 | വിനീഷ്, ഡ്രൈവർ | 11503102984/31.12.15 |
| 2012-13 | 3-17 | 2,370 | സന്ദീപ്, മുൻ ഡ്രൈവർ | 11503102990/31.12.15 |
| 2013-14 | 3-1 | 10,385 | എ.കെ ഷിനോജ്, അസിസ്റ്റന്റ് എഞ്ചിനീയർ | 11503103105/07.01.16 |

| | | | | |
|---|---|---|---|---|
| 2013-14 | 3-1 | 9,263 | എ.കെ ഷിനോജ്, അസിസ്റ്റന്റ് എഞ്ചിനീയർ | 11503103106/07.01.16 |
| 2013-14 | 3-1 | 7,494 | എ.കെ ഷിനോജ്, അസിസ്റ്റന്റ് എഞ്ചിനീയർ | 11503103106/07.01.16 |
| 2010-11 | 3-1 | 1,22,842 | ഗിരീഷ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11503103156/11.01.16 |
| ആകെ | | 1,67,855 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 21 | 2000-01 | 99 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമാണത്തിൽ ക്രമക്കേടുകൾ |
| 2001-02 | 30 | 2003-04 | 7.20 (പൊതുപരാമർശം) | നികുതിപിരിവിൽ അലംഭാവം |
| 2002-03 | 2-2 | 2006-07 | 3.79.2 (പൊതുപരാമർശം) | കെട്ടിടവാടകക്കുടിശ്ശിക |
| 2002-03 | 3-2 | 2006-07 | 3.79.13 (പൊതുപരാമർശം) | ഫർണീച്ചർ-സിംഗിൾ ക്വട്ടേഷൻ പ്രകാരം വാങ്ങി |
| 2002-03 | 3-5 | 2006-07 | 3.79.16 (പൊതുപരാമർശം) | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ |

| | | | | |
|---|---|---|---|---|
| 2002-03 | 3-7 | 2006-07 | 3.79.17 (പൊതുപരാമർശം) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി. കോളനി റോഡ് പ്രവൃത്തി |
| 2003-04 | 3-10 | 2006-07 | 3.79.18 (പൊതുപരാമർശം) | കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയില്ല. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,39,14,588 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,83,77,476 |
| വരവിനങ്ങളിലുള്ള നഷ്ടം | 300 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,71,580 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,27,142 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 300 | -- | ടി. ഉമ, സെക്രട്ടറി |
| 3-9 | -- | 2,71,580 | എ.കെ ഷിനോജ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 59,769 | ടി.പി രമണി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 1,75,000 | ടി.പി രമണി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 1,02,720 | സി. മൈമൂനത്ത്, ഹെഡ്മിസ്ട്രസ്സ് |
| 3-8 | 18,89,653 | എ.കെ ഷിനോജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 22,27,142 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

-(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി. ഉമ, സെക്രട്ടറി | സെക്രട്ടറി, നന്മണ്ട ഗ്രാമപഞ്ചായത്ത് | തെഞ്ചേരി ഇല്ലം, കാക്കൂർ പി.ഒ, കോഴിക്കോട് |
| ടി.പി രമണി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 'അർച്ചന', എലത്തൂർ പി.ഒ, കോഴിക്കോട് |
| എ.കെ ഷിനോജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, നന്മണ്ട ഗ്രാമപഞ്ചായത്ത് | 'ഭാനു ഭവൻ', എടക്കാട് പി.ഒ, കോഴിക്കോട് |

| | | |
|---|---|---|
| ഡോ. എൻ. വിനീഷ്, വെറ്ററിനറി സർജൻ | വെറ്റിനറി സർജൻ, വെറ്ററിനറി ഡിസ്‌പെൻസറി, നന്മണ്ട | 'ശ്രീപദം'മക്കട പി.ഒ കക്കോടി, കോഴിക്കോട് |
| സി. മൈമൂനത്ത് ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ് നന്മണ്ട | കൊളേരി മഠം, ചേനാളി പി.ഒ, പേരാമ്പ്ര, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(4)/17.09.10 | 1 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(10)/17.09.10 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(11)/17.09.10 | 3 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(13)/17.09.10 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(14)/17.09.10 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(15)/17.9.10 | 9 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(16)/17.9.10 | 5 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(17)/17.09.10 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി2)310/10/24.03.10 | 7 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി(പി2)2028/13/09.01.14 | 14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി(പി2)1384/13/26.11.13 | 18 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി(പി2)1693/12 /02.08.13 | 19 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി(പി2)1694/12/17.07.13 | 22 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി(പി2)572/14/08.04.14 | 18 |

| | | |
|---|---|---|
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/1105/15(1)/17.2.16 | 24 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/1178/16/08.07.16 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം

# 1

കെ.എസ്.എ കെ.കെ.ഡി-പി12/2176/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 22-12-2016.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിൻെറ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P 12/2176/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 22-12-2016.

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Nanminda Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nanminda Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR
Kerala State Audit Department,
District Audit Office, Kozhikode.